# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5985

8-7-2013-ൽ മറുപടിക്ക്

## വിവാഹ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിവാഹ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുന്നത് ഏത് നിയമ പ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (എ) 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരമാണ് സംസ്ഥാനത്ത് വിവാഹ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുന്നത്. |
| (ബി) പ്രസ്തുത നിയമത്തിൽ എപ്പോഴെല്ലാം ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ 2009, 2010, 2012 വർഷങ്ങളിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്.<br>(G.O.(P) No. 16/2009/Law dated 25-6-2009)<br>G.O.(P) No. 2/2010/Law dated 25-2-2010)<br>G.O.(P) No. 13/2012/Law dated 14-9-2009) |
| (സി) വിവാഹ രജിസ്ട്രേഷൻ നിയമങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് പുരുഷനും സ്ത്രീക്കും എത്ര വയസ്സുണ്ടാകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; | (സി) വിവാഹ രജിസ്ട്രേഷനുള്ള വയസ്സ് പ്രസ്തുത ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മേൽ നിയമവ്യവസ്ഥ പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രായത്തിനു മുൻപ് നടന്നിട്ടുള്ള വിവാഹങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനായോ നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള പ്രായപരിധി പൂർത്തിയാകാതെ വിവാഹം ചെയ്താൽ രജിസ്റ്റർ ചെയ്തു നൽകണമെന്ന് നിർദ്ദേശിച്ചു കൊണ്ടോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | 27-6-2013 വരെ നടന്നിട്ടുള്ള എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്തു നൽകുന്നതിന് 27-6-2013 തീയതിയിലെ 41832/ആർസി3/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (ഇ) | ഉത്തരവ് പുറപ്പെടുവിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; | (ഇ) | പുരുഷൻമാർക്ക് 21 വയസ്സിൽ കുറവും സ്ത്രീകൾക്ക് 18 വയസ്സ് കുറവിലും നടത്തുന്ന വിവാഹങ്ങൾ (16 വയസ്സിൽ കൂടുതൽ) കേരളാ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണോ എന്ന് കില ഡയറക്ടർ സ്പഷ്ടീകരണം തേടിയിരുന്നു. ഈ സാഹചര്യത്തിൽ പുരുഷന് 21 വയസ്സ് തികയാതെയും സ്ത്രീക്ക് 18 വയസ്സ് തികയാതെയും (16 വയസ്സിന് മുകളിൽ) നടന്നിട്ടുള്ള മുസ്ലീം വിവാഹങ്ങൾക്ക് കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ അത്തരം വിവാഹങ്ങൾ നിയമപരമായി രജിസ്റ്റർ ചെയ്തു നൽകുന്നതിൽ നിയമതടസ്സമില്ലെന്ന് സ്പഷ്ടീകരണം നൽകിയിരുന്നു. എന്നാൽ ഇത്തരം |

വിവാഹങ്ങൾ പല തദ്ദേശ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തു നൽകുന്നില്ല എന്നതു സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ച തിനെ തുടർന്ന് ഇത്തരം വിവാഹങ്ങൾ രജിസ്റ്റർ ചെയ്തു നൽകുന്നതിന് കർശന നിർദ്ദേശം നൽകിക്കൊണ്ട് 14-6-2013 ലെ 35298/ആർസി3/ 2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സർക്കുലർ ശൈശവ വിവാഹ നിരോധന നിയമത്തിന്റെ അന്തഃസത്തയ്ക്ക് ഭംഗം വരുത്തുന്നു എന്ന തെറ്റിദ്ധാരണ ഉളവാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യപ്പെടാത്തതുമൂലം വർഷങ്ങളായി ഒരുമിച്ചു താമസിക്കുന്ന ഭാര്യാഭർത്താക്കന്മാർക്കും അവരുടെ സന്താനങ്ങൾക്കും വിവിധ തരത്തിലുള്ള വിഷമതകൾ നേരിടുന്നതായി മനസ്സിലാക്കിയതു കൊണ്ടും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് 2008-ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ചില അവ്യക്തതകൾ നിലനിൽക്കുന്നതിനാലും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ വൈമുഖ്യം പ്രകടിപ്പിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും പ്രസ്തുത സർക്കുലർ ശൈശവ വിവാഹ നിരോധന നിയമത്തിന്റെ

അന്ത:സത്തയെ ഒരു തരത്തിലും ബാധിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല എന്നും എന്നാൽ ശൈശവവിവാഹ നിരോധന നിയമത്തിന്റെ എല്ലാ വകുപ്പുകളും അക്ഷരാർത്ഥത്തിൽ തന്നെ നടപ്പിലാക്കുക എന്നത് കണക്കി ലെടുത്തും 27-6-2013 വരെ നടന്നിട്ടുള്ള എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യുന്നതിന് 27-6-2013 ലെ 41832/ആർസി3/2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (എഫ്) | ഏതെങ്കിലും സംഘടനയുടെ നിവേദനപ്രകാരമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതെങ്കിൽ ആ സംഘടനയുടെ/ സംഘടനകളുടെ നിവേദനത്തിന്റെ പകർപ്പും നോട്ട് ഫയലിന്റെ പകർപ്പും ലഭ്യമാക്കുമോ; | (എഫ്) | അല്ല. |
| (ജി) | ഏതെങ്കിലും ജനപ്രതിനിധിയുടെ കത്തിന്റെയോ നിവേദന ത്തിന്റെയോ അടിസ്ഥാനത്തിലോ ഏതെങ്കിലും കോടതിവിധിയുടെ അടിസ്ഥാനത്തിലോ ആണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച തെങ്കിൽ പ്രസ്തുത രേഖകളുടെ പകർപ്പും നോട്ട് ഫയലിന്റെ പകർപ്പും ലഭ്യമാക്കുമോ ? | (ജി) | അല്ല |

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം

3874/B

GOVERNMENT OF KERALA

നം: 41832/ആർ.സി.3/2013/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 27.06.2013

## സർക്കുലർ

വിഷയം:- കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008 - വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :- (1) 06.04.2013 -ലെ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 66549/ആർ.സി.3/2012 നമ്പർ കത്ത്.
(2) 14.06.2013 -ലെ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 35298/ആർ.സി.3/2013 നമ്പർ സർക്കുലർ.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2006 ലെ സീമ Vs. അശ്വനികുമാർ എന്ന കേസ്സിലെ വിധിയുടെ അടിസ്ഥാനത്തിൽ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008 -ൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എല്ലാ മതങ്ങളിലും ഉള്ള ഇൻഡ്യൻ പൗരൻമാർ നിർബന്ധമായും വിവാഹം രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിക്കുകയാണ് പ്രസ്തുത ചട്ടങ്ങളുടെ പ്രധാന ഉദ്ദേശ്യം.

മുസ്ലീം സമുദായത്തിൽപ്പെട്ടവരിൽ പുരുഷൻമാർക്ക് 21 വയസ്സിൽ കുറവും സ്ത്രീകൾക്ക് 18 വയസ്സിൽ കുറവും പ്രായം ഉള്ള വിവാഹങ്ങൾ (16 വയസ്സിൽ കൂടുതൽ) പ്രസ്തുത ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണോ എന്ന ഒരു സ്പഷ്ടീകരണം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് സർക്കാർ അതിന്റെ നിയമപരവും സാമൂഹികവും അടക്കമുള്ള വിവിധ വശങ്ങൾ പരിശോധിച്ചതിനു ശേഷം 06.04.2013 -ൽ ഒരു സ്പഷ്ടീകരണം നൽകുകയും തുടർന്ന് 14.06.2013 -ൽ ഒരു സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. വിവാഹ സമയത്ത് പുരുഷന് 21 വയസ്സ് തികയാതെയും സ്ത്രീക്ക് 18 വയസ്സ് തികയാതെയും (16 വയസ്സിനു മുകളിൽ) നടന്നിട്ടുള്ള മുസ്ലിം വിവാഹങ്ങൾ പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ബന്ധപ്പെട്ട മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ് എന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിച്ചുകൊണ്ടായിരുന്നു മേൽ പരാമർശിച്ച സ്പഷ്ടീകരണവും സർക്കുലറും പുറപ്പെടുവിച്ചത്.

പ്രസ്തുത സർക്കുലർ ചില തെറ്റായ സന്ദേശങ്ങൾ നൽകുന്നതായി ചില കോണുകളിൽ നിന്നും ആക്ഷേപങ്ങൾ ഉയർന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം

വീണ്ടും പരിശോധിക്കുകയും സർക്കുലർ കൊണ്ട് ഉദ്ദേശിച്ചിട്ടില്ലാത്ത ചില തെറ്റായ സന്ദേശങ്ങൾ ഒഴിവാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

കിലയുടെ ഡയറക്ടർ ഉന്നയിച്ച സംശയത്തിന് സ്പഷ്ടീകരണം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി മാത്രമാണ് സർക്കാർ പ്രസ്തുത സ്പഷ്ടീകരണവും സർക്കുലറും പുറപ്പെടുവിച്ചിട്ടുള്ളത്. വിവാഹം രജിസ്റ്റർ ചെയ്തു എന്നതു കൊണ്ടുമാത്രം അതൊരു സാധുതയുള്ള വിവാഹത്തിന്റെ തെളിവാകുന്നതല്ലാത്തതും ഒരു വിവാഹത്തിന്റെ സാധ്യത സംബന്ധിച്ച് നിർണ്ണായകമായ ഘടകവും അല്ല എന്നും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമൂലം ആ വിവാഹങ്ങളിൽ ജനിക്കുന്ന കുട്ടികളുടെ സംരക്ഷണം, അവകാശം, വിവാഹിതരാകുന്ന വ്യക്തികളുടെ പ്രായം എന്നീ കാര്യങ്ങൾ സംബന്ധിച്ച് അത് മുഖ്യ തെളിവ് ആയിരിക്കുന്നതാണ് എന്നുമുള്ള സീമ Vs. അശ്വനികുമാർ എന്ന കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയും പ്രായപൂർത്തിയാകാതെ നടന്ന വിവാഹങ്ങളിലും അവയുടെ സാഹചര്യങ്ങൾ പരിഗണിച്ച് വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ് എന്ന് W.P.(C) No.28388/2012, W.P.(C) No.2154/2013 എന്നീ കേസ്സുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധികളും മറ്റും അവലംബിച്ചാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങളുടെ വ്യാപ്തിക്കുള്ളിൽ നിന്നുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത സർക്കുലർ ശൈശവവിവാഹം പ്രോൽസാഹിപ്പിച്ചേക്കും എന്ന ഒരു തെറ്റിദ്ധാരണ ഉളവാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിവാഹങ്ങൾ രജിസ്റ്റർ ചെയ്യപ്പെടാത്തതുമൂലം വർഷങ്ങളായി ഒരുമിച്ചു താമസിക്കുന്ന ഭാര്യാഭർത്താക്കന്മാർക്കും അവരുടെ സന്താനങ്ങൾക്കും വിവിധ തരത്തിലുള്ള വിഷമതകൾ നേരിടുന്നതായി മനസ്സിലാക്കിയതുകൊണ്ടു മാത്രമാണ് പ്രസ്തുത സ്പഷ്ടീകരണവും സർക്കുലറും പുറപ്പെടുവിച്ചിട്ടുള്ളത്. അതല്ലാതെ ശൈശവവിവാഹ നിരോധന നിയമത്തിന്റെ അന്തസത്തയ്ക്ക് എന്തെങ്കിലും ഭംഗം വരുത്തണമെന്ന് സർക്കാർ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. അപ്രകാരം ഒരു തെറ്റിദ്ധാരണ ചിലരിലെങ്കിലും ഉളവാക്കിയതായും സർക്കുലറിൽ വസ്തുതാപരമായ ചില പിശകുകൾ സംഭവിച്ചതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി ഒരു പുതിയ സർക്കുലർ പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചതിൻ പ്രകാരമാണ് സ്പഷ്ടീകരിച്ചുകൊണ്ട് ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്.

മേൽ പരാമർശിച്ച സ്പഷ്ടീകരണവും സർക്കുലറും 2006 –ലെ ശൈശവ വിവാഹ നിരോധന നിയമത്തിന്റെ അന്തസത്തയെ ഒരു തരത്തിലും ബാധിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയായിരുന്നില്ല. മറിച്ച് ശൈശവവിവാഹനിരോധന നിയമത്തിന്റെ എല്ലാ വകുപ്പുകളും അക്ഷരാർത്ഥത്തിൽ തന്നെ നടപ്പിലാക്കുവാൻ സർക്കാരും മറ്റ് അധികാരസ്ഥാനങ്ങളും പ്രതിജ്ഞാബദ്ധമാണ് എന്ന് വ്യക്തമാക്കുന്നു. മാത്രമല്ല

ശൈശവ വിവാഹ നിരോധന നിയമത്തിലെ 9, 10, 11 എന്നീ വകുപ്പുകൾ പ്രകാരം ശൈശവ വിവാഹം ശിക്ഷാർഹവുമാണ്. ശൈശവ വിവാഹങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും നിയമത്തിൽ പ്രതിപാദിക്കുന്ന മറ്റ് ഉദ്യോഗസ്ഥരും തികഞ്ഞ ജാഗ്രത പുലർത്തേണ്ടതും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതും ആണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജാഗ്രതാസമിതികളും ഇക്കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി പുലർത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജാഗ്രതാസമിതി അംഗങ്ങൾക്കു നൽകേണ്ടതുമാണ്.

വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് 2008 –ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ചില അവ്യക്തതകൾ നിലനിൽക്കുന്നതിനാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ വൈമുഖ്യം പ്രകടിപ്പിക്കുന്നു. ഇത് ഒരു സാമൂഹിക പ്രശ്നമായി നിലനിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇന്നേ ദിവസം വരെ (27.06.2013) നടന്നിട്ടുള്ള എല്ലാ വിവാഹങ്ങളും പ്രസ്തുത ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

മേൽ പരാമർശിക്കപ്പെട്ട 06.04.2013 –ലെ സ്പഷ്ടീകരണവും 14.06.2013 –ലെ സർക്കുലറും അതിലംഘിച്ചു കൊണ്ട് ഈ സർക്കുലർ പുറപ്പെടുവിക്കുന്നു.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യ-നീതി വകുപ്പ്, തിരുവനന്തപുരം
ചെയർപേഴ്സൺ, കേരള ചൈൽഡ് റൈറ്റ്സ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
ഡയറക്ടർ, കില, തൃശ്ശൂർ
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

True copy

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

S.O

സെക്ഷൻ ഓഫീസർ